ബൈപ്പാസിന്റെ പണിയും പുരോഗമിച്ചുവരുന്നു. ചെങ്ങന്നൂർ - ഏറ്റുമാനൂർ റോഡ് നിർമ്മാണം 24-9-2017-ലും ഏറ്റുമാനൂർ - മൂവാറ്റുപുഴ റോഡ് നിർമ്മാണം 3-8-2016-ലും തിരുവല്ല ബൈപ്പാസ് നിർമ്മാണം 6-9-2016-ലും പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(ബി) 95% ഭൂമി ഏറ്റെടുക്കൽ പൂർത്തിയായിട്ടുണ്ട്. 983 പേർക്ക് നഷ്ട പരിഹാരം നൽകാനുണ്ട്. നഷ്ടപരിഹാരം കൈപ്പറ്റുവാൻ കക്ഷികളെ അറിയിക്കുന്ന നടപടികൾ ത്വരിതപ്പെടുത്തിയിട്ടുണ്ട്. ടി കക്ഷികൾ കെ.എസ്.ടി.പി. മൂവാറ്റുപുഴ ഡിവിഷനുമായി ബന്ധപ്പെടുന്ന മുറയ്ക്ക് നഷ്ട പരിഹാരം കൊടുത്തു തീർക്കുന്നതാണ്.

(സി) ഈ വർഷം (2015) പണികളൊന്നും പുതുതായി ആരംഭിച്ചിട്ടില്ല. എം.സി. റോഡിന്റെ ചെങ്ങന്നൂർ മുതൽ ഏറ്റുമാനൂർ വരെയുള്ള റോഡ് നിർമ്മാണം 25-11-2014-ലും ഏറ്റുമാനൂർ - മൂവാറ്റുപുഴ റോഡ് നിർമ്മാണം 4-2-2014-ലും തിരുവല്ല ബൈപ്പാസ് നിർമ്മാണം 19-6-2013-ലും ആണ് തുടങ്ങിയത്. ഈ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നു. ഇനി റീച്ചുകളൊന്നും ടെണ്ടർ ചെയ്യാനില്ല.

ബി.എം.&ബി.സി. മാതൃകയിൽ റോഡ് നിർമ്മാണം

240(3126) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ ചുനാട് - താമരക്കുളം റോഡ് ബി.എം.& ബി.സി. മാതൃകയിൽ നിർമ്മിക്കുന്നതിന് ആവശ്യമായ തുക അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് അംഗീകരിച്ച് ഭരണാനുമതി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(ഡി) തട്ടാമ്പലം - മാന്നാർ റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തരമായി ആരംഭിക്കുമോ;

(ഇ) പ്രസ്തുത റോഡിന്റെ നിർമാണപ്രവർത്തനം ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) ശിപാർശ ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല.

(സി) എസ്റ്റിമേറ്റ് തയ്യാറാക്കി ലഭിക്കുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(ഡി&ഇ) ലെവൽസ് എടുത്ത് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

ബി.എം.ആന്റ് ബി.സി. സാങ്കേതികവിദ്യയിൽ നിർമ്മിക്കപ്പെട്ട റോഡുകൾ

241(3127) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബി.എം.ആന്റ് ബി.സി. സാങ്കേതിക വിദ്യയിൽ നിർമ്മിക്കപ്പെട്ട റോഡുകൾ നിശ്ചിത കാലാവധിക്കുള്ളിൽ പുനരുദ്ധാരണ പ്രവൃത്തികൾ നടത്താത്തതു കാരണം തകർന്ന് ഗതാഗത യോഗ്യമല്ലാതായിത്തീരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ എല്ലാ ജില്ലകളിലും അത്തരം റോഡുകൾ പരിശോധിച്ച് നിശ്ചിത കാലാവധിക്കുള്ളിൽ അവ പുനരുദ്ധരിച്ച് അവയുടെ ഗുണമേന്മ നിലനിർത്തുവാനും അതുവഴി സർക്കാരിനുണ്ടാകുന്ന അധിക ചെലവ് ഒഴിവാക്കുവാനും നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് ബി.എം. ആന്റ് ബി.സി. സാങ്കേതികവിദ്യയിൽ നിർമ്മിക്കപ്പെട്ട റോഡുകൾ നിശ്ചിത കാലാവധിക്കുള്ളിൽ പുനരുദ്ധാരണ പ്രവൃത്തികൾ നടത്താത്തതു കാരണം തകർന്ന് ഗതാഗത യോഗ്യമല്ലാതായിത്തീരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

പി.ഡബ്ല്യു ഡി. റസ്റ്റ് ഹൗസുകളിലെ കെയർടേക്കർ നിയമനം സംബന്ധിച്ച്

242(3128) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി കെട്ടിട നിർമ്മാണം പൂർത്തീകരിച്ച പി.ഡബ്ല്യു.ഡി. റസ്റ്റ് ഹൗസുകളിൽ ആവശ്യത്തിന് ജീവനക്കാരും കെയർടേക്കർമാരും ഇല്ലാത്തതിനാൽ പ്രവർത്തനം മുന്നോട്ടു കൊണ്ടുപോകാനാകാതെ കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന് പരിഹാരം കാണുവാൻ പൊതുമരാമത്തു വകുപ്പ് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly